പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ പത്തു ശതമാനം പോലീസ് സേന വനിതകളായിരിക്കും എന്ന അങ്ങയുടെ ഉറപ്പ് ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് സ്റ്റേറ്റിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിത പി.സി., എച്ച്.സി., എസ്.ഐ. എന്നീ തസ്തികകളും മറ്റ് ഉയർന്ന ഓഫീസുകളിൽ സി. ഐ., ഡിവൈ.എസ്.പി. എന്നീ തസ്തികകളും സൃഷ്ടിക്കാനുള്ള സഹായം ചെയ്തുതരുമോ?

മി. സ്പീക്കർ: എല്ലാം കൂടി ഒന്നിച്ച് വേണോ?

ശ്രീ. എ.കെ. ആന്റണി: എന്തായാലും 2% ആയിരുന്ന വനിതാ പോലീസിന്റെ പ്രാതിനിധ്യം 10% ആക്കി മാറ്റാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന സർക്കാർ വനിതാ പോലീസുകാർക്ക് ആവശ്യമായ പ്രൊമോഷന്റെ കാര്യത്തിൽ ന്യായമായുള്ള അവസരങ്ങളും നൽകും. ഇത് ഗവൺമെന്റ് തീർച്ചയായും പരിഗണിക്കുന്നതാണ്.

III. സബ്മിഷൻ

(1) വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണം

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കും, അടിയന്തിര നടപടിക്കും വേണ്ടി ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. കേന്ദ്രഗവൺമെന്റ് പാസാക്കിയ പുതിയ ഇലക്ട്രിസിറ്റി ആക്റ്റ് അനുസരിച്ച് 2003 ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ് അനുസരിച്ച് നിലവിലുള്ള എല്ലാ ഇലക്ട്രിസിറ്റി നിയമങ്ങളും റദ്ദാവുകയാണ്. പുതിയ നിയമം നടപ്പിലാക്കുന്നതോടുകൂടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പെടെ നമ്മുടെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം സേവന മേഖലയിൽ വളരെയേറെ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പെടെ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാവുകയും, സ്വകാര്യ മേഖലയ്ക്ക് ഉൽപ്പാദന, പ്രസരണ, വിതരണ രംഗത്ത് കടന്നുവരാനുള്ള സാഹചര്യം നിയമപരമായി ഒരുങ്ങുകയുമാണ് ചെയ്യുന്നത്. ഇലക്ട്രിസിറ്റി ബോർഡ് പൊതുമേഖലയിൽ നിലനിൽക്കുന്നതിന്റെ ഫലമായി ഗാർഹിക ഉപഭോക്താക്കൾക്ക് വില കുറച്ചുകൊണ്ട് ഇലക്ട്രിസിറ്റി കൊടുക്കുന്നതുൾപ്പെടെ ഗ്രാമീണ മേഖലയിലെ ജനതയ്ക്ക് വൈദ്യുതി എത്തിക്കുന്നതുൾപ്പെടെയുള്ള സാമൂഹിക പ്രതിബദ്ധതയോടുകൂടിയ നിരവധി പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന വൈദ്യുതി മേഖലയും, ഇലക്ട്രിസിറ്റി ബോർഡ് അപ്രത്യക്ഷം ആകുകയും പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖല ഈ രംഗത്തേക്ക് കടന്നുവരുന്നതോടുകൂടി വൈദ്യുതി ഏറ്റവും കൂടിയ വിലയ്ക്ക് വാങ്ങാനും വൈദ്യുതിയുടെ ഉപഭോഗത്തിൽനിന്ന് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ദുർബ്ബലർക്കും ആ സൗകര്യങ്ങളും ആ സേവനവും നഷ്ടപ്പെടുന്ന സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുകയുമാണ് ചെയ്യുന്നത്. പുതിയ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഓഫീസർമാരെ തന്നെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിനെ നിലനിർത്തുവാൻ, പൊതുമേഖലയുടെ നിലനിൽപ്പിനുവേണ്ടി കഴിയുന്ന വിധത്തിൽ നിയമത്തിനകത്ത് നിന്നുകൊണ്ട് നടപ്പാക്കുന്ന കാര്യങ്ങൾ ആലോചിക്കണം. മറ്റു സംസ്ഥാനങ്ങളുമായി ആലോചിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം പൊതുമേഖലയിൽ നിലനിർത്തിക്കിട്ടാൻ വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടിയെടുക്കണം. സ്വകാര്യ മേഖല ഈ രംഗത്തെ എല്ലാ രംഗവും കൈയടക്കിക്കഴിഞ്ഞാൽ പുതിയ ആഗോളവൽക്കരണ നയത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വൈദ്യുതി മേഖലയിൽ പൂർണ്ണമായും സ്വകാര്യ മേഖല കൈയടക്കും. തീ പിടിച്ച വില കൊടുത്ത് വൈദ്യുതി വാങ്ങുന്ന സ്ഥിതി വിശേഷം ഉണ്ടാകുകയും പാവപ്പെട്ടവരും സാധാരണക്കാരും ഈ രംഗത്തുള്ള സൗകര്യങ്ങൾ, കൃഷികൾ ഉൾപ്പെടെയുള്ള സേവനവും സൗകര്യവും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് അടിയന്തിരമായി വൈദ്യുതി ബോർഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ നിലനിന്ന ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റ്, ഇലക്ട്രിസിറ്റി ആക്റ്റ്, ഇങ്ങനെ രണ്ടു ഘട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബോർഡ് നിലനിന്നിരുന്നത്. ഇപ്പോൾ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ്, 2003 വന്നതോടുകൂടി അത് റിപ്പീൽ ചെയ്തു കഴിഞ്ഞു. അതിനുള്ള ഒരു വ്യവസ്ഥ അനുസരിച്ച് ഒരു വർഷംവരെ ഈ ബോർഡിന് നിലനിൽക്കാം. അതിനുശേഷം കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന ഡേറ്റ് വരെ ഇതിന്റെ നിലനിൽപ്പ് എക്സ്റ്റന്റ് ചെയ്യുകയും ചെയ്യും. അങ്ങനെ ചെയ്തുകഴിഞ്ഞ ഡേറ്റ് അവസാനിച്ചു കഴിഞ്ഞാൽ 2003 ഇലക്ട്രിസിറ്റി ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഇത് നടക്കണമെന്നാണ് വ്യവസ്ഥ. പുതിയ ഒരു വ്യവസ്ഥ വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എല്ലാം അതിലുണ്ട്. വേണമെങ്കിൽ ഇത് സ്വകാര്യവൽക്കരണമെന്നും ഇത് ശക്തമാക്കണമെന്നും എങ്ങനെയുള്ള ഉദ്ദേശത്തോടുകൂടി തന്നെ ഉണ്ടാക്കിയിരിക്കുന്നതാണ്. പ്രധാനമായും ഉൽപ്പാദനം, പ്രസരണം, വിതരണം ഇതാണ് മൂന്ന് ജോലികൾ. ഇതിൽ മൂന്നും, സ്വകാര്യ മേഖലയ്ക്ക് ഇഷ്ടം പോലെ വരുന്നതിനുള്ള വ്യവസ്ഥകൾ ഇതിൽ ഉണ്ട്. ഇനി മേലിൽ ഇതൊന്നും ഗവൺമെന്റിന്റെ നിയന്ത്രണത്തിലല്ല. ഇതിനെ ലൈസൻസികൾക്ക് കൊടുക്കുന്നതെല്ലാം റെഗുലേറ്ററി കമ്മീഷനാണ്. ഇവിടെ ഒരു ബോർഡിനെപ്പോലെ സംവിധാനം ഇരിക്കുന്നതുകൊണ്ട് പുതിയ ആളുകൾ വന്നാൽ അവർക്ക് ലൈസൻസ് നിഷേധിക്കാൻ പാടില്ല. അവർക്കും കൊടുക്കണമെന്നാണ് ഇതിലെ വ്യവസ്ഥ. ഇതിലെ 131 അനുസരിച്ച് എങ്ങനെയാണ് ബോർഡ് അവസാനിക്കുന്നത്, അപ്പോൾ എന്തു ചെയ്യണമെന്നുള്ളതിനെപ്പറ്റി ഇതിനകത്ത് വ്യവസ്ഥയുണ്ട്. കാലാവധി കഴിയുന്നതിനു മുൻപ് തന്നെ സർക്കാർ ഇതിന് ട്രാൻസ്ഫർ സ്കീം ഉണ്ടാക്കാൻ സർക്കാർ കമ്പനികൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി അതിൽ ലയിപ്പിക്കുകയോ അതല്ല സ്വകാര്യ മേഖലയ്ക്ക് വിൽക്കുന്നതുവരെയുള്ള നടപടികൾ എടുത്തു. ഇതിന്റെ ഏർപ്പാട് തീർക്കാൻ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ്. ഗവൺമെന്റ് നിശ്ചയമായും ഇതിൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ കമ്പനികളുണ്ടാക്കി ആ കമ്പനികൾക്ക് ഇതിലെ വ്യവസ്ഥ അനുസരിച്ച് പറയുന്ന ഇതിന്റെ സകല സ്വത്തുക്കളും, ജീവനക്കാരും അതിന്റെ അസെറ്റ്സ്, ലയബിലിറ്റീസിലും ഗവൺമെന്റ് ഇൻവെസ്റ്റ് ചെയ്യുമെന്നാണ്. ട്രാൻസ്ഫർ സ്കീം ഉണ്ടാകണം. ട്രാൻസ്ഫർ സ്കീം അനുസരിച്ച് ഗവൺമെന്റ് ഇത് റീ ഇൻവെസ്റ്റ് ചെയ്ത് അവർക്ക് കൊടുക്കണം. ഒന്നുകിൽ ഗവൺമെന്റ് കമ്പനിക്കാർക്ക് അല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് കൊടുക്കണം അല്ലെങ്കിൽ വിൽക്കണം. വിൽക്കട്ടെ. ഇതിന്റെ പ്രസന്റ്സ് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് എല്ലാപേരോടും പറയുന്നതാണ്. ഏതായാലും ഇതിൽ ഉൽക്കണ്ഠ വേണ്ട. ഇതിനെ പൊതുമേഖലയിൽ തന്നെ നിർത്തും. ജീവനക്കാർക്കും, ഓഫീസുകൾക്കും ഒരു ന്യൂനതയും സംഭവിക്കാതെ നോക്കും. പക്ഷേ അപകടം ഇരിക്കുന്നത് അവിടെയല്ല. സ്വകാര്യ മേഖല ഈ രംഗത്ത് വരുന്നത് തടയാൻ ഈ ആക്ട് നിലനിൽക്കുന്നിടത്തോളം സാധ്യമല്ല. അപ്പോൾ അവരുമായി മൽസരിക്കുമ്പോൾ ഇവിടെ സംഭവിക്കുന്നത് പൊതുമേഖല നഷ്ടപ്പെടുകയല്ല ഈ ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടായിരുന്ന കുത്തകാവകാശം, അവർക്ക് മാത്രമേ ബിസിനസ് നടത്താൻ പറ്റുമായിരുന്നുള്ളു, അത് നഷ്ടപ്പെട്ടു പോയി. അപ്പോൾ പുതുതായി ഉണ്ടാകുന്ന കമ്പനികൾ സ്വകാര്യ മേഖലയുമായി സംസാരിച്ച് കുത്തകാവകാശം ഇല്ലാതെ നടത്താൻ കഴിയുമോ എന്നുള്ളതാണ് വെല്ലുവിളി. ഗവൺമെന്റിന് ഇത്രയും ചെയ്യാൻ കഴിയും. പൊതുമേഖലയിൽ നിലനിർത്താം. പക്ഷേ അത് അങ്ങനെ നിൽക്കണമോ എന്നുള്ളത് ചെയർമാൻതൊട്ട് അവിടുത്തെ വർക്കർ വരെ എല്ലാവരും മാത്രമല്ല ഉപഭോക്താക്കളും എല്ലാവരുംകൂടി തീരുമാനിക്കേണ്ട ഒരു കാര്യമാണ്. തടസ്സം എന്താണെന്നുവച്ചാൽ താരിഫ് റെയ്സ് ചെയ്യുമ്പോൾ ആണല്ലോ ഇവിടെ ബഹളങ്ങളും കാര്യങ്ങളുമൊക്കെ ഉണ്ടാകുന്നത്. താരിഫിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ മുന്നു നാല് കമ്പനിക്കാർ ഇങ്ങനെ ഡിസ്ട്രിബ്യൂഷൻ സൈഡിൽ കമ്പനികൾ ഉണ്ടാകുമ്പോൾ റെഗുലേറ്ററി കമ്മീഷനാണ് താരിഫ് നിശ്ചയിക്കുന്നത്. അവിടെയുള്ളവരും കൊണ്ട് പെറ്റീഷൻ കൊടുക്കും ഓരോരുത്തരുടേയും കോസ്റ്റ് അനുസരിച്ചാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ കോസ്റ്റ് ഏകദേശം നാലു രൂപയാണ്. വേറൊരാൾ 3 രൂപയ്ക്ക് കൊടുക്കാം എന്നു പറയും. മാക്സിമം കോസ്റ്റ് അവർ നിശ്ചയിച്ചാൽ മതിയെന്നാണ് ആക്റ്റിലെ വ്യവസ്ഥ. അതായത് നാലു രൂപ അവർ നിശ്ചയിച്ചാലും വേറൊരു കമ്പനിക്ക് 3 രൂപയ്ക്ക് കൊടുക്കണമെങ്കിൽ അവർക്ക് കൊടുക്കാം. അടുത്ത ക്രിസ്തുമസ് കാലത്ത് ഞങ്ങളുടെയടുത്തു നിന്ന് കറണ്ട് കൊടുക്കുന്നവരാരും കാൾ കൊടുക്കേണ്ടെന്ന് കമ്പനി തീരുമാനിച്ചാൽ അങ്ങനെയാണല്ലോ ഓരോരോ പരസ്യങ്ങൾ. അതാണ് പറഞ്ഞത് ഓപ്പൺ കോമ്പറ്റീഷനാണ്. അപ്പോൾ നമ്മുടെ എഫിഷ്യൻസി, പിന്നെ നമ്മുടെ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും തൊഴിലാളികളുമെല്ലാം സന്ദർഭത്തിനൊത്ത് ഉയർന്നു പുതിയ കൾച്ചറിനോടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സമീപനം സ്വീകരിക്കുകയെ തൽക്കാലം മാർഗ്ഗം ഉള്ളൂ. അല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മൾ ഓരോ കാര്യങ്ങൾ പറഞ്ഞു പാർലമെന്റിൽ ശബ്ദ വോട്ടോടുകൂടി അക്സപ്റ്റ് ചെയ്ത ഒരു ബില്ലാണ്. ഈ ബില്ലിന്റെ ഉദ്ദേശം കോമ്പീറ്റൻസി വർദ്ധിപ്പിക്കുക, അങ്ങനെയുള്ള കാര്യമാണ്. അതുകൊണ്ട് അതു മാത്രമാണ് ഇതിന്റെ പ്രധാനപ്പെട്ട ഒരു കാര്യം. ഗവൺമെന്റ് ഇത് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള എല്ലാ നടപടികളും ഇപ്പോൾ തന്നെ എടുത്തു തുടങ്ങികഴിഞ്ഞു. തൊഴിലാളികളുടെ നിലവിലുള്ള എല്ലാ അവകാശങ്ങളും സംരക്ഷിക്കുകയും ചെയ്യും.

മി. സ്പീക്കർ: ഇതിന്റെ പ്രാധാന്യം വച്ച് ഇത്രയും സമയം കൊടുത്തതാണ്. സബ്മിഷനാണ്, എല്ലാം ഒറ്റ വാക്കിൽ പറയണം. ശ്രീ. എൻ. ശക്തൻ.

(2) കൈത്തറി മേഖലയിലെ ബുദ്ധിമുട്ടുകൾ

ശ്രീ. എൻ. ശക്തൻ: കേരളത്തിലെ കൈത്തറി തൊഴിലാളികളുടെ പ്രശ്നമാണ് ഞാൻ അവതരിപ്പിക്കുന്നത്. കൈത്തറിയുടെ തറവാട് ബാലരാമപുരമാണ്. രണ്ടു ലക്ഷത്തോളം തൊഴിലാളികളും, പത്ത് ലക്ഷത്തോളം അവരുടെ
10 A.M.] കുടുംബാംഗങ്ങളും കഴിഞ്ഞ കുറെ വർഷങ്ങളായി പട്ടിണിയിലാണ്. 1993 മുതലുള്ള റിബേറ്റ് വെട്ടിക്കുറച്ചതാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് റിബേറ്റ് വെട്ടിക്കുറച്ചത്. വ്യാജസംഘങ്ങൾ ഈ മേഖലയിൽ ഉള്ളതുകൊണ്ടാണ് റിബേറ്റ് വെട്ടിക്കുറച്ചത്. 1993 മുതൽ വെട്ടിക്കുറച്ച റിബേറ്റ് പുനഃസ്ഥാപിക്കണം. വ്യാജസംഘങ്ങളെ കണ്ടുപിടിക്കണം. എലിയെപ്പേടിച്ച് ഇല്ലം ചുടുന്നതുപോലെയോ, വെട്ടി മാറ്റുന്നതു പോലെയോ കൈത്തറിമേഖലയിൽ ഇന്ന് ബാധിച്ചിരിക്കുന്ന പ്രതിസന്ധിയിൽ നിന്നും അതിനെ രക്ഷിക്കണം. കേന്ദ്ര ഗവൺമെന്റ് നൂലുകൾക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷെ, കേരളത്തിലെ തൊഴിലാളികൾക്ക് അത് കിട്ടുന്നില്ല. കാരണം ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്നോ മില്ലുകളിൽ നിന്നോ വാങ്ങിയാലേ ഈ ആനുകൂല്യം കിട്ടൂ. ബാലരാമപുരത്തുനിന്നും ഒരു തൊഴിലാളി കണ്ണൂർ പോയി വാങ്ങിയാലേ കിട്ടൂ, അംഗീകൃത ഡിപ്പോകളിൽ നിന്ന് വാങ്ങിയാലേ കിട്ടൂ, കൈത്തറി ഉപദേശക സമിതി പുനഃസംഘടിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായ ബോർഡാണ്. അത് പുനഃസംഘടിപ്പിച്ചാൽ ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും കഴിയും.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്ന് പ്രശ്നങ്ങളും ഗവൺമെന്റ് പരിശോധിക്കാം. സബ്സിഡിയെ സംബന്ധിച്ച വിവരങ്ങൾ മുഴുവൻ സഭയിൽ പറഞ്ഞതാണ്. ഇപ്പോൾ ലഭ്യമായ സബ്സിഡി കുടിശ്ശിക കൂടാതെ കൊടുക്കാനുള്ള നടപടി സ്വീകരിക്കാം. അതുപോലെ നൂൽ ലഭ്യതയിലും മറ്റ് കാര്യങ്ങളിലും നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly